"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - ശാന്തിഭവൻ, കോട്ടയം - സി.ഇ.72.എ4 എൻഡോവ്‌മെന്റിന്റെ 2023-24 സാമ്പത്തികവർഷ കാലയളവിലെ പലിശത്തുക അനുവദിച്ചുനൽകുന്നതിന് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.92/2025/SJD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന വഞ്ചി പൂവർ ഫണ്ട് എന്ന സ്ഥാപനത്തിന്റ സെക്രട്ടറിയുടെ 25.11.2024 -ലെ കത്ത്.
2. കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനത്തിന്റെ ജോയിന്റ് ട്രഷററുടെ 17.12.2024-ലെ ഒ.സി.30/24 നമ്പർ കത്ത്.
3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.03.2025, 07.04.2025 എന്നീ തീയതികളിലെ ഡി.കെ.എസ്.എ/1483/2024-സി.ഇ.2 നമ്പർ കത്തുകൾ

**ഉത്തരവ്**

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനത്തിന്റെ പേരിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വഞ്ചി പൂവർ ഫണ്ട് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുള്ള സി.ഇ.72.എ4 നമ്പർ ചാരിറ്റബിൾ എൻഡോവ്‌മെന്റ് ഫണ്ടിന് 2023-24 സാമ്പത്തികവർഷത്തെ പലിശയിനത്തിൽ അർഹമായ 11613/- രൂപ പ്രസ്തുത സ്ഥാപനത്തിന് വിതരണംചെയ്യുന്നതിന് അനുമതി നൽകണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 3-പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ശാന്തിഭവൻ എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന വഞ്ചി പൂവർ ഫണ്ട് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ചിട്ടുള്ള സി.ഇ.72.എ4 നമ്പർ ചാരിറ്റബിൾ എൻഡോവ്‌മെന്റ് ഫണ്ടിന് 2023-2024 സാമ്പത്തികവർഷത്തെ പലിശയിനത്തിൽ അർഹമായ 11613/- രൂപ (പതിനൊന്നായിരത്തി അറുനൂറ്റി പതിമൂന്ന് രൂപ മാത്രം) ടി സ്ഥാപനത്തിന് റിലീസ് ചെയ്ത് നൽകുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ & ട്രഷറർ ഓഫ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ജോയിന്റ് ട്രഷറർ, ശാന്തിഭവൻ, കളക്ടറേറ്റ് പി.ഒ, കോട്ടയം - 686002
സെക്രട്ടറി, വഞ്ചി പുവർ ഫണ്ട്, പവഴങ്ങാടി, തിരുവനന്തപുരം - 695023
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ//ഓഡിറ്റ്),
കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് 28.04.2025-ലെ
ഡബ്ല്യൂ. ഡബ്ല്യൂ.2/100/2017/ധന നമ്പർ കുറിപ്പ് പ്രകാരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 12-05-2025 12:19:43